ഹാർബർ എഞ്ചിനീയറിംഗ് ശക്തിപ്പെടുത്തൽ

147 (3657) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മത്സ്യബന്ധന തുറമുഖങ്ങൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ, തീരദേശ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ മുഖേന നടപ്പിലാക്കിവരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ ഒഴികെ തീരദേശമുള്ള എല്ലാ ജില്ലകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലത്തും ബേപ്പൂരും (കോഴിക്കോട്) അന്വേഷണ ഗവേഷണ പഠനകേന്ദ്രങ്ങൾ, ഗുണനിലവാര പരിശോധന കേന്ദ്രങ്ങൾ എന്നിവയ്ക്കായി ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷനുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തുറമുഖ, ഫിഷറീസ്, ടൂറിസം വകുപ്പുകളുടെ സർവ്വീസ് ഡിപ്പാർട്ട്മെന്റായി പ്രവൃത്തിക്കുന്നു. കൂടാതെ തീരദേശ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സർവ്വീസ് ഡിപ്പാർട്ട്മെന്റായും പ്രവർത്തിച്ചുവരുന്നു. ഈ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി ഐ-പ്രോമിസ് പ്രോഗ്രാം വഴി പ്രവർവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും പുറമെ എസ്റ്റിമേറ്റുകൾ കുറ്റമറ്റ രീതിയിലും വേഗതയോടുംകൂടി തയ്യാറാക്കുന്നതിനുമായി പ്രൈസ് സോഫ്റ്റ്വെയർ നടപ്പാക്കിവരുന്നു. ഈ വകുപ്പിൽ CPWD ഡേറ്റയും സ്പെസിഫിക്കേഷനുമാണ് പിൻതുടരുന്നത്. പൊതുമരാമത്ത് വകുപ്പിലെ മാനുവൽ പരിഷ്കരിച്ചതിനൊപ്പം ഈ വകുപ്പിലെയും മാനുവൽ കാലികമായി പരിഷ്കരിക്കാനുള്ള നടപടി നടന്നുവരുന്നു. 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് ഇ-ദർഘാസ് ആക്കിയതുവഴി സമയലാഭവും അതോടൊപ്പം മത്സര സ്വഭാവവുമുള്ള ദർഘാസുകൾ ലഭിക്കുന്നതിനും ഇടയാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരദേശ മേഖലയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി താഴെപ്പറയുന്നവ നടപ്പിലാക്കി. കൂടുതൽ കൃത്യതയിലും വേഗത്തിലും എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാൻ പ്രൈസ് സോഫ്റ്റ്വെയർ നടപ്പിലാക്കി. പ്രവൃത്തികൾ ഇ-ദർഘാസ് മുഖേന നടപ്പിലാക്കിയതുവഴി കൂടുതൽ മത്സര സ്വഭാവമുള്ള ദർഘാസ് ലഭിക്കാനും സമയനഷ്ടം കുറയ്ക്കാനും സാധിച്ചു. ഐ-പ്രോമിസ് പദ്ധതി ഏർപ്പെടുത്തിയതുവഴി പ്രവൃത്തികളുടെ പുരോഗതിയും അനുബന്ധ വിവരങ്ങളും അതിവേഗത്തിൽ ലഭിക്കുവാനിടയാക്കി. ഇഫക്ടീവ് മാനേജ്മെന്റ് ഇൻ ലെറ്റർ ഓഫ് ക്രെഡിറ്റ് ഇഷ്യൂവൽ സംവിധാനം ഏർപ്പെടുത്തിയതുവഴി യഥാസമയത്തിനും അതോടൊപ്പം മുൻഗണനാ ക്രമത്തിലും കരാറുകാർക്ക് പേയ്മെന്റ് നൽകുവാനും സാധിച്ചു

(സി) പദ്ധതികൾ യഥാസമയം നടപ്പിലാക്കുവാൻ എല്ലാ മാസവും അവലോകന യോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് നിശ്ചിത കാലാവധിക്കകം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അമ്പലപ്പുഴയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ

148 (3658) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പ്രവൃത്തികളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് വഴി നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയതും വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly